ദേവാലയ സംഗീതം: പാഠഭേദങ്ങളും ശ്രുതിഭംഗങ്ങളും

ഹിന്ദുസ്ഥാനിയിലെ മധുരരാഗങ്ങളിൽ യൂറോപ്യൻ ഓർക്കസ്ട്രയുടെയും ഹാർമണിയുടെയും ലാവണ്യം ചാലിച്ച് തനി കേരളീയ താളാവാദ്യങ്ങളുടെ ലാളിത്യവും ഗ്രിഗോറിയൻ ചാന്റിന്റെ ഗാംഭീര്യവും കൂട്ടിയിണക്കി സംഗീതത്തിൽ നിത്യവിസ്മയങ്ങൾ സൃഷ്ടിക്കുന്ന ഒരാൾ - തോമസ് ജെറോം വെളിപ്പറമ്പിൽ എന്ന ജെറി അമൽദേവ്, കൊച്ചിയിലെ ആയുർവേദ വൈദ്യനായിരുന്ന ജോസഫിന്റെയും എറണാകുളം മൂത്തപ്പിള്ളി കുടുംബാഗമായിരുന്ന മേരിയുടെയും ഏഴുമക്കളിൽ നാലാമനായി 1939 ഏപ്രിൽ 15ന് ജനിച്ച ജെറിക്ക് വീടും ദൈവാലയും തന്നെയായിരുന്നു ആദ്യത്തെ സംഗീതവിദ്യാലയങ്ങൾ. പിന്നെ, അന്നത്തെ മ്യൂസിക് ക്ലബ് സംസ്കാരത്തിലൂടെ വളർന്നുവന്ന ബാല്യം. സെമിനാരി പഠനകാലത്ത് മേലധികാരികൾ ഏർപ്പെടുത്തിക്കൊടുത്ത വലിയ ഗുരുക്കന്മാരിലൂടെ ഉറച്ച ഹിന്ദുസ്ഥാനിയിലെ അടിത്തറ. പിന്നീട് സെമിനാരി വിട്ട് നൗഷാദ് അലിയുടെ സംഗീതക്കളരിയിൽ നിന്ന് നേടിയ പ്രായോഗിക പാഠങ്ങൾ... അതുമായി കടൽ കടന്ന് യു. എസ്സിലെത്തി. മുന്തിയ സർവ്വകലാശാലകളിലെ ഗുരുക്കന്മാരിലൂടെ നേടിയ പാശ്ചാത്യ സംഗീതത്തിലെ ഉറച്ച അക്കാദമിക് അടിത്തറ. ഇവയുമായി 1970-80 കാലത്ത് കേരളത്തിലെത്തി തുടക്കം കുറിച്ച പൊഫഷണൽ സംഗീത ജീവിതം ഏഴുപതിൽപ്പരം സിനിമകളും 250 ഓളം ഗാനങ്ങളും നിത്യഹരിതങ്ങളായ നൂറുകണക്കിന് ദേവാലയഗീതികളും പിന്നെ, ഒരുപിടി സെക്യുലർ ഗാനങ്ങളുമായി ഇന്നും മുന്നോട്ടു തന്നെയാണ്. ഇന്ന്, എൺപതുകളുടെ ആദ്യപാദത്തിലെത്തിയ ആ ജീവിതം ഇന്ത്യൻ സിനിമാ സംഗീതത്തിലെയും ക്രൈസ്തവ ദൈവാലയ സംഗീതത്തിലെയും ഏറ്റവും ആധികാരികമായ അവസാനവാക്കാണ്.

നമ്മുടെ ദേവാലയ സംഗീതത്തിന് എന്താണ് കുഴപ്പം? എവിടെയാണ് നമുക്ക് തെറ്റുപറ്റിയത്?

ക്രൈസ്തവ ദേവാലയങ്ങളിൽ ഉപയോഗിക്കേണ്ടത് കാലാകാലങ്ങളിൽ നാം ഉപയോഗിച്ചുവരുന്ന ഗ്രിഗോറിയൻ സംഗീതമോ അതുമായി ചേർന്നു നിൽക്കുന്ന ഈണങ്ങളോ ആണ്. ഗ്രിഗോറിയൻ സംഗീതത്തിൽ നിന്നും നാം കൂടുതൽ കൂടുതൽ അകന്നതാണ് നമ്മുടെ പള്ളികളിൽ തിരുക്കർമ്മഗീതങ്ങളിലെ താളപ്പിഴകൾ.

ഗ്രിഗോറിയൻ സംഗീതത്തെക്കുറിച്ച് വിശദമായിപറയമോ ?

എ.ഡി. 600 മുതൽ ശക്തി പ്രാപിച്ച യൂറോപ്യൻ ശാസ്ത്രീയ സംഗീതശാഖയാണ് ഗ്രിഗോറിയൻ സംഗീതം. വിശുദ്ധ ബെനഡിക്ട് എന്ന സന്ന്യാസ വൈദികൻ സ്ഥാപിച്ച ബെനഡിക്ടൈൻ സഭയാണ് ഗ്രിഗോറിയൻ സംഗീതത്തിനു പ്രചുരപ്രചാരം നല്കിയത്. ബിഷപ്പ് സ്ഥാനം ഒഴിഞ്ഞ് ഒരു ഗുഹയിൽ തനിച്ച് താമസിച്ച് ഗ്രിഗോറിയൻ സംഗീതം വഴി ചെറുപ്പക്കാരെ ആകർഷിച്ച പുണ്യവാനാണ് വിശുദ്ധ ബെനഡിക്ട്. ഗ്രിഗോറിയൻ ചാന്റ് ഏറ്റവും ആധികാരികമായി കൈകാര്യം ചെയ്യുന്ന ഒരു ആശ്രമം ഫ്രാൻസിൽ ഉണ്ട് . ആ ആശ്രമത്തിന്റെ പേരാണ് സൊല്ലെൻ (Solsesmes). പ്രസ്തുത ആശ്രമത്തിലെ സന്ന്യാസികളാണ് ഇന്നും ഗ്രിഗോറിയൻ ചാന്റിന്റെ ഒദ്യോഗിക വക്താക്കൾ. ഇപ്പോഴും ഗ്രിഗോറിയൻ ചാന്റിന്റെ സംരക്ഷണത്തിനും പ്രചരണത്തിനുമായി വത്തിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതും സഹായിക്കുന്നതും ബെനഡിക്ടൈൻ സന്ന്യാസ സഭയെയാണ്. നമ്മുടെ അനുദിനതിരുക്കർമ്മങ്ങളിൽ ഗ്രിഗോറിയൻ സംഗീതം അപ്പാടെ

സ്വീകരിക്കുക സാധ്യമല്ല. എന്നാൽ ഗ്രിഗോറിയൻ പാരമ്പര്യം വെടിയാനും പാടില്ല.

എന്താണ് നമ്മുടെ ദേവാലയ സംഗീതത്തിൽ അങ്ങ് കാണുന്ന പോരായ്മകൾ ?

നമ്മുടെ ദേവാലയങ്ങളിൽ ചുരുക്കം ചിലയിടത്ത് മാത്രമേ യഥാർത്ഥ ഗായകസംഘം ഉള്ളൂ. ഭൂരിപക്ഷം ഇടവകകളിലും ഒന്നോ രണ്ടോ പേർ നേരത്തെ റെക്കോർഡ് ചെയ്ത ഗാനങ്ങൾ പെൻഡ്രൈവിലാക്കി വരുന്നു. ഒരുകീബോർഡ് ഓപ്പറേറ്ററുമായി ചേർന്ന് വിശ്വാസികൾക്ക് കൂടെ പാടാൻ പറ്റാത്ത പാട്ടുകൾ കർണ്ണ കഠോര ശബ്ദത്തിൽ പാടുകയാണ് പതിവ്. ഇത ല്ലല്ലോ യഥാർത്ഥ ഗായകസംഘം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിൽ പറയുന്നത് ഇങ്ങ നെയാണ്. ജനങ്ങളുടെ സജീവ ഭാഗഭാഗിത്വത്തോടും വിശുദ്ധ ശുശ്രൂഷകരുടെ സഹകരണത്തോടുംകൂടി തിരുക്കർമ്മങ്ങൾ സംഗീതത്താൽ മോടിപിടിപ്പിക്കു മ്പോൾ ആരാധനാകർമ്മങ്ങൾക്ക് വളരെ വിശിഷ്ടമായ ഒരുരൂപം കൈവരുന്നു (അദ്ധ്യായം 6112). ഇവിടെ പറയുന്ന ജനങ്ങളുടെ സജീവ ഭാഗഭാഗിത്വത്തിന് ഇന്ന് നമ്മുടെ സംവിധാനങ്ങൾ യാതൊരു വിലയും കൽപിക്കുന്നില്ല.

എവിടെയാണ് നമുക്ക് തെറ്റിയത്?

തിരുക്കർമ്മങ്ങൾ മലയാളത്തിലേക്ക് മാറിയ പ്പോൾ അന്ന് രംഗത്തുണ്ടായിരുന്നവർ അവരുടേതായ അറിവും കഴിവും വിനിയോഗിച്ച് രൂപപ്പെടുത്തിയ തിരുക്കർമ്മ സംഗീതങ്ങളാണ് നമുക്കുള്ളത്. പിന്നീട് വന്നവർ ആ നിലവാരത്തിൽ നിന്നും താഴേക്ക് മാത്രം സഞ്ചരിച്ച് ഇന്നത്തെ തകർച്ചയിലേക്കെത്തി. ദേവാലയ സംഗീതത്തെക്കുറിച്ച് പഠിക്കുന്നവരുടെ എണ്ണം നോ ക്കുക. കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും ഏകീകൃതമായ ശൈലിയിൽ പരിശീലനം നൽകാനോ നിയന്ത്രിക്കാനോ നമുക്ക് കഴിഞ്ഞില്ല. ദേവാലയ സംഗീതത്തെക്കുറിച്ച് ഉപരിപഠനം നടത്തിയവരുടെ അഹംഭാവവും പ്രകടമായിരുന്നു. സംഗീതത്തിൽ ആഴമായ അറിവുണ്ടായിരുന്നവരുടെ സേവനം ലഭ്യ മാക്കാനും നമുക്ക് കഴിഞ്ഞില്ല. രൂപതകളും തങ്ങളു ടേതായ ശ്രമങ്ങൾ നടത്തിയെങ്കിലും ഒന്നിനും തുടർച്ച യുണ്ടായില്ല. ഇപ്പോഴും ലിറ്റർജിക്കൽ മ്യൂസിക്കമ്മീ ഷൻ ക്രിയാത്മകരമായി പ്രവർത്തിക്കുന്ന എത്ര രൂപത കൾ നമുക്കുണ്ട്?

ചില രൂപതകൾ പാട്ടുകൾ തിരഞ്ഞെടുത്ത് പു സ്തകരൂപത്തിൽ ലഭ്യമാക്കി കേന്ദ്രതലത്തിൽ നിന്നും അവ റെക്കോർഡ് ചെയ്തു നൽകിയത് മറക്കുന്നില്ല, എങ്കിലും അതെല്ലാം കുറച്ചു നാളത്തേക്ക് മാത്രമേ നിലനിന്നുള്ളൂ. ഇപ്പോൾ നമ്മുടെ ദേവാലയങ്ങളിൽ നടക്കുന്നതെന്താണെന്ന് ഒന്ന് വിലയിരുത്തി നോക്കൂ.

ഒന്നോ രണ്ടോ പാട്ടുകാർ തങ്ങൾക്കുമാത്രം പാടാൻ കഴിയുന്ന ഗാനങ്ങൾ ഒരു കീബോർഡിന്റെ അകമ്പടിയോടെ പാടുന്നു. പാടുന്ന പാട്ടുകൾ കൂടുതലും പുതുതായി ഇറങ്ങുന്ന പോപ്പുലർ (ജന പ്രിയ) ഗാനങ്ങളും. പലപ്പോഴും ഈ പാട്ടുകൾ പലതും ദിവ്യബലിക്കായി പാടുന്നതിന് യോഗ്യമായിരി ക്കണമെന്നുമില്ല.

ദിവ്യബലിക്കായി പാടുന്നതിന് ഒരു പാട്ട് യോഗ്യമാകുന്നതെങ്ങനെയാണ്?

രണ്ടാം വത്തിക്കാൻ കാൺസിലിന്റെ പ്രമാണരേഖയിൽ പറയുന്നത് ഇങ്ങനെയാണ്: ശരിയായ തിരുക്കർമ്മ

ഗീതങ്ങൾ ആയിരിക്കണം ഇവ. കത്തോലിക്കാ വിശ്വാസത്തോട് പൊരുത്തപ്പെടുന്നവയായിരിക്കണം. എന്നു തന്നെയുമല്ല അവ വിശുദ്ധഗ്രന്ഥത്തിൽ നിന്നും ആരാധനക്രമത്തിന്റെ ഉറവിടങ്ങളിൽ നിന്നും ചൈതന്യം ഉൾക്കൊണ്ടതുമായിരിക്കണം. ഇത് രചനയുടെ കാര്യം. ഇനി വരികൾക്കു നൽകുന്ന സംഗീതം

ദേവാലയാന്തരീക്ഷത്തിനും തിരുക്കർമ്മ ങ്ങൾക്കും ചേർന്നവയായിരിക്കണം. ഉത്തമപരിശീ ലനം ലഭിച്ചവരുടെ രചനയും സംഗീതവുമാണ് തിരു ക്കർമ്മ ഗീതങ്ങൾക്ക് സ്വീകരിക്കേണ്ടത്.

ഗാനങ്ങൾ ദേവാലയ സംഗീതത്തിന് അനുയോ ജ്യമാണെങ്കിൽ മാത്രമേ പള്ളിയിൽ പാടാൻ തിര ഞ്ഞെടുക്കാവൂ. പ്രണയാർദ്രമായ പദങ്ങൾ ഉള്ള പാട്ടു കൾ നമ്മുടെ പല പള്ളികളിലും ഇപ്പോൾ പാടാറുണ്ട്. ഇത് ആശ്വാസ്യമല്ല. ഒരിക്കൽ ഒരു പാട്ടുകേട്ടു. "കാശൂ രൂപത്തിൽ വസിക്കുന്ന ഈശോയെ "ഈശോ കാശു രൂപത്തിലാണ് വസിക്കുന്നത് എന്ന പാട്ട് എങ്ങനെയാണ് നമ്മുടെ തിരുക്കർമ്മങ്ങളിൽ ചേർന്നുപോകുന്നത് ?

ഗായകസംഘാംഗങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

എന്താണ് തിരുക്കർമ്മ സംഗീതം എന്ന് ആഴ ത്തിൽ പഠിക്കണം. ഗായകസംഘം ഒരു സംഘടനയ ല്ല, മറിച്ച് ആരാധനക്രമത്തിൽ പരികർമിയെ സഹാ യിക്കുന്ന സഹശുശ്രൂഷകരാണെന്ന് തിരിച്ചറിയണം. അതുകൊണ്ടുതന്നെ വിശ്വാസികൾ ആയിരിക്കണം ഗായകസംഘത്തിൽ ഉണ്ടായിരിക്കേണ്ടത്. തങ്ങൾ ചെയ്യുന്നത് ഒരു വിശുദ്ധ ദൗത്യമാണെന്ന ബോധ്യം ഉണ്ടാകണം. മാതൃകാപരമായ ജീവിതം നയിക്കാൻ ശ്രമിക്കണം.

ഓരോ തിരുക്കർമ്മത്തിലും പാടേണ്ട പാട്ടുകൾ നേരത്തെ തന്നെ തെരഞ്ഞെടുത്ത് പഠിച്ച് പാടാൻ കഴി യണം. ഗാനമേള ശൈലിയിൽ ഒരാൾ മാത്രം പാടുന്ന രീതി അവലംബിക്കരുത്. പത്തുപേരെയെങ്കിലും പാടാ നായി കണ്ടെത്തി തുടർച്ചയായി പരിശീലിപ്പിക്കണം.

തിരുക്കർമ്മങ്ങൾ തുടങ്ങുംമുൻപ് ഗായകസംഘം എത്തണം. ചില പള്ളികളിൽ മൂന്നാംമണി അടിക്കുമ്പോഴാണ് ഗായകസംഘാംഗങ്ങൾ ഉപകരണങ്ങളുമായി ഓടിക്കയറി വരുന്നത്.

സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത് ?

സംഗീതോപകരണങ്ങൾ ഏതൊക്കെയാണ് ദേവാലയ സംഗീതത്തിന് ചേരുന്നവയെന്ന് നാം കൂടുതൽ പഠിക്കണ്ടിരിക്കുന്നു. മലയാളികൾ മാത്രമാണ് കീബോർഡ് എന്ന ഉപകരണം ദേവാലയത്തിൽ ഉപയോഗിക്കുന്നത്. പെൻഡ്രൈവും മൈനസ് ട്രാക്കും നമ്മുടെ മാത്രം ശീലവും. നേരത്തെ റെക്കോർഡ് ചെയ്ത പെൻഡ്രൈവുകളിൽ നിന്നും ട്രാക്ക് പ്ലേ ചെയ്ത് കീബോർഡുകളിൽ കൈവച്ച് അഭിനയിക്കുന്നത് നമ്മൾ മലയാളികൾ മാത്രമാണ്. ദൈവത്തിനായി പാടുമ്പോൾ നമ്മുടെ കഴിവുകൾ മാത്രം പോരേ? എന്തിന് മെഷീനുകളെയും കംപ്യൂട്ടറകളെയും ആശ്രയിക്കണം ?

കീബോർഡ് കൂടുതൽ ചേരുന്നത് ടി.വി. സിനിമ പാട്ടുകൾക്കും പശ്ചാത്തല സംഗീതത്തിനുമാണ്. അതുപോലെ തന്നെ ഓട്ടോറിഥം പള്ളികളിൽ ഒരിക്കലും ഉപയോഗിക്കാൻ പാടില്ല. മാനുഷികമായ സംഗീതമാണ് ദേവാലയത്തിന് ചേരുക. യാത്രികമായതെന്തും ഒഴിവാക്കുക. പാട്ടുകൾക്കു മുൻപും പാട്ടുകൾക്കിടയിലും ദീർഘമായ ആമുഖ പശ്ചാത്തലസംഗീതങ്ങൾ അഭികാമ്യമല്ല.

ദിവ്യബലിയുടെ മധ്യേ അകമ്പടിയായി സംഗീതോപകരണങ്ങൾ വായിക്കുന്നതും കുർബാന പുസ്തകത്തിൽ ഇല്ലാത്ത ഗാനരൂപങ്ങൾ കൂട്ടിച്ചേർക്കുന്നതും കൂടിവരുന്നുണ്ടോ ?

തികച്ചും തെറ്റായ കാര്യമാണിത്. ദിവ്യബലിയുടെ ചില ഭാഗങ്ങളിൽ പല ഗായകസഘങ്ങളും സംഗീതോപകരണങ്ങൾ വായിക്കുന്നതും ചില പാട്ടുകൾ രചിച്ച് പാടുന്നതും നമ്മുടെ ആരാധനക്രമങ്ങളെ വികലമാക്കുന്നു.ആഘോഷമായ കുർബാനയിൽ അനുവദനീയമായ ഭാഗങ്ങളിൽ അല്ലാതെ സംഗീതോപകരണങ്ങൾ വായിക്കാൻ പാടില്ല. കാർമ്മീകൻ കാസയും തിരുവോസ്തിയും വാഴ്ത്തുമ്പോൾ കീബോർഡ് വായിക്കുന്നത് അനുവദിക്കാൻ പാടില്ല. സഭ അംഗീകരിച്ച കുർബ്ബാന പുസ്തകങ്ങളിൽ അനുവദിച്ചിട്ടുള്ള ഭാഗങ്ങളിൽ മാത്രമാണ് പാട്ടുകൾ പാടാവുന്നത്.

പള്ളികളിൽ ശബ്ദക്രമീകരണം എങ്ങനെയായിരിക്കണം ?

ചെവി പൊട്ടുന്ന രീതിയിലുള്ള ശബ്ദക്രമീകരണമാണ് ഇന്ന് നമ്മുടെ പല പള്ളികളിലും ധ്യാനകേന്ദ്രങ്ങളിലും ഉള്ളത്. ദൈവത്തിന് ഇത്രയും ശബ്ദം ആവശ്യമുണ്ടോ എന്ന് നാം ചിന്തിക്കണം. ഓരോ പള്ളിയിലും കൂടിച്ചേരുന്ന ആളുകളുടെ എണ്ണം, പള്ളിയുടെ വലുപ്പം എന്നിവയൊക്കെ മനസ്സിലാക്കി ഈ വിഷയത്തിൽ പ്രഗല്ഭനായ ഒരു സാങ്കേതിക വിദഗ്ധന്റെ ഉപദേശത്തോടെയാകണം, സൗണ്ട് സിസ്റ്റം വാങ്ങാനും ക്രമീകരിക്കാനും ചില പള്ളികളിൽ ചെന്നാൽ പള്ളിക്കകത്ത് കഠോരശബ്ദവും 100 മീറ്റർ മാറിപുറത്തുനിന്നാൽ നന്നായി കേൾക്കാനും സാധിക്കുന്ന രീതിയിലാണ് ക്രമീകരണം. അതുപോലെ തന്നെ ഓരോ ഗായകനും ഓരോ മൈക്ക് ഉപയോഗിച്ച് പാടുന്നതും നന്നല്ല. തിരുക്കർമ്മങ്ങൾക്ക് ഏക്കോ, ഡിലേ പോലുള്ള കൃത്രിമത്വങ്ങൾ പാടില്ല. ഇത് കാർമ്മികരും പാലിക്കേണ്ടതാണ്, നല്ല ഗായകസംഘം ഉണ്ടാകണമെങ്കിൽ നല്ല സൗണ്ട് എഞ്ചിനീയറും ആവശ്യമാണ്. ഇടവകയിൽ നിന്നു തന്നെ ഒരാൾക്ക് ഗുണനിയന്ത്രണത്തിൽ പ്രാഥമിക പരിശീലനം നൽകുന്നത് നന്നായിരിക്കും.

കേരള ലത്തീൻ സഭയിൽ തിരുകർമ്മ സംഗീതം നവീകരിക്കാൻ എന്താണ് ചെയ്യേണ്ടത് ?

അനേകം കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. നമുക്ക് അത് നിർവഹിക്കാനുള്ള സാധ്യതയും കടമയുമുണ്ട്. ഏറ്റവുമാദ്യം തിരുകർമ്മ സംഗീത മേഖലയ്ക്ക് നാം കൂടുതൽ പ്രാധാന്യം നൽകണം. രൂപതകൾ തമ്മിൽ ഏകോപം ഉണ്ടാകണം. കേരളത്തിലെ എല്ലാ പള്ളികളിലും പൊതുവായ ക്രമീകരണം ഇക്കാര്യത്തിലുണ്ടാകണം. അഭിവന്ദ്യ പിതാക്കന്മാർ രൂപതകളുടെ ആരാധന സംഗീത കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി തിരുത്തലുകൾ വരുത്തേണ്ടതുണ്ടെങ്കിൽ അതിനായി നടപടികൾ എടുക്കുന്നത് നന്നായിരിക്കും. എല്ലാ രൂപതയിലും തിരുക്കർമ്മ സംഗീതം കൈകാര്യം ചെയ്യാൻ ഡിപ്പാർട്ട്മെന്റ് രൂപികരിക്കണം. അത് പ്രവർത്തിക്കുന്നു എന്നു ഉറപ്പുവരുത്തണം. തലപ്പത്ത് വരേണ്ടത് ഈ വിഷയത്തിൽ പ്രാഗ്ഭല്യം ഉള്ളയാൾ ആയിരിക്കണം. പ്രസ്തുത വിഷയം പഠിക്കാൻ തയ്യാറായ വൈദികരെ ഉപരിപഠനത്തിന് അയക്കണം. പ്രഗല്ഭരായ അല്മായരെ സേവനവും സ്വീകരിക്കണം.

രൂപതകളിൽ എന്തു ചെയ്യാനാകും ?

തിരുക്കർമ്മങ്ങൾക്കു ഉപയോഗിക്കാൻ വേണ്ടി മാത്രം പാട്ടുകൾ തെരഞ്ഞെടുത്ത് പ്രിന്റ് ചെയ്ത് എല്ലാ ഇടവകകളിലും വിതരണം ചെയ്യണം. ഗാനങ്ങൾ തെരഞ്ഞെടുക്കാൻ വിഗദ്ധ സമിതി ഉണ്ടാകണം. ഇതേ പാട്ടുകൾ റെക്കോർഡ് ചെയ്ത് എല്ലാ ഗായകസംഘങ്ങൾക്കും ലഭ്യമാക്കണം.

ഇടവകയിലെ ഗായകസംഘങ്ങൾക്ക് മികച്ച പരിശീലനം ലഭ്യമാക്കണം. അതിരൂപതാതലത്തിൽ വിളിച്ചുചേർത്ത് മികച്ചപരീശിലനം നൽകണം. ഞങ്ങളൊക്കെ ലത്തീൻ പാട്ടുകൾ പാടുന്ന സമയത്ത് വർഷ

ത്തിലൊരിക്കൽ ആർച്ച് ബിഷപ്പിനെയോ, പിതാവ് നിയോഗിക്കുന്ന ആളെയോ എല്ലാ പാട്ടുകളും പാടി കേൾപ്പിച്ച് സർട്ടിഫിക്കറ്റ് വാങ്ങിയാലോ പള്ളിയിൽ പാടാൻ അനുവാദമുണ്ടായിരുന്നുള്ളു.

അതിരൂപതാതലത്തിൽ നടത്തപ്പെടുന്ന ജൂബിലി, മെത്രാഭിഷേക ചടങ്ങുകൾ എന്നിവയ്ക്ക് മാതൃകാപരമായ ഗായക സംഘങ്ങളെ ഒരുക്കണം. അതിരൂപതയിലെ മീഡിയ കമ്മിഷനുകൾ സജീവമാകണം. ഗായകർക്ക് പരിശീലനം നല്കാൻ റിസോഴ്സ് ടീം രൂപീകരിക്കണം.

പ്രഗല്ഭരായ വൈദികരും അല്മായരും ഉൾപ്പെടുത്തി ലിറ്റർജിക്കൽ മ്യൂസിക്ക് കമ്മീഷൻ സജീവമാക്കണം.

ഇടവകകളിൽ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

ക്രിയാത്മക മാറ്റം ഉണ്ടാക്കാൻ കഴഇയുന്നത് ഇടവകതലത്തിലാണ്. 10 പേരിൽ കുറയാത്ത അംഗങ്ങളുടള്ള ഒരു കയർ രൂപകരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഈ സംഘത്തിന് പരിശീലനത്തിന് ആവശ്യമായ സൗകര്യവും സാമ്പത്തിക സഹായവും ലഭ്യമാക്കണം. മികച്ച പരിശീലകരെ കണ്ടുപിടിക്കണം. സംഗീതോപകരണങ്ങൾ വാങ്ങി നൽകണം. അർഹമായ അംഗീകാരവും പരിഗണനയും ഗായകസംഘത്തിന് നൽകണം. ഇടവകയിൽ തിരുന്നാൾ പോലുള്ള സവിശേഷ ദിവസങ്ങളിൽ ഇടവക ഗായകസംഘത്തിനു തന്നെ പാടാൻ അവസരം നൽകണം. പ്രത്യേക ദിനങ്ങളിൽ പുറമെ നിന്നുള്ള ഗായകസംഘം വരുന്നത് നല്ല പ്രവണതയല്ല. ഇടവക ഗായകസംഘത്തെ സഹായിക്കാൻ പ്രഗത്ഭരെ നിയോഗിക്കുന്നതിൽ തെറ്റില്ല. വിശ്വാസികളുടെ പാട്ടുപുസ്തകം ലഭ്യമാക്കണം. പുസ്തകം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കണം.

വിശ്വാസികളെ ആരാധനക്രമത്തിൽ സജീവമാക്കാൻ ഗായകസംഘത്തിന് എന്തു ചെയ്യാൻ കഴിയും ?

സാധാരണ ജനങ്ങൾക്ക് പാടൻ പറ്റുന്ന പാട്ടുകളാണ് ഗായകസംഘം തെരഞ്ഞെടുക്കേണ്ടത്. ഇത് ഉറപ്പു വരുത്തേണ്ടത് വികാരിയച്ചന്മാരാണ്. ദിവ്യബലി തുടങ്ങുന്നതിന് മുൻപ് അന്നേദിവസം പാടുന്ന പാട്ടുകൾ വിശ്വാസി സമൂഹത്തെ പഠിപ്പിക്കുന്നത് നല്ലതാണ്. പ്രത്യേകിച്ച് കുട്ടികളുടെ ദിവ്യബലിക്ക്. ഗായകസംഘത്തിന്റെ പാട്ട് ജനങ്ങളെ പാടാൻ സഹായിക്കുക എന്നതാണ് തങ്ങളുടെ ദൗത്യം എന്ന തിരിച്ചറിവ് ഉണ്ടാവുക എന്നതാണ് പ്രധാന കാര്യം.

ഗിറ്റാർ, ഡ്രംസ് പോലുള്ള സംഗീതോപകരണങ്ങൾ ലിറ്റർജിക്കൽ മ്യൂസിക്കിന്റെ അരൂപിക്കനുസരിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. പ്രത്യേകിച്ച് നോമ്പുകാലത്തും ആഗമനകാലത്തും.

റെക്കോർഡ് ചെയ്ത ഗാനങ്ങൾ, ട്രാക്കുകൾ എന്നിവ നിയന്ത്രിക്കേണ്ടതുണ്ടോ ?

മുൻകൂട്ടി റെക്കോർഡ് ചെയ്യപ്പെട്ട യാതൊന്നും തിരുകർമ്മങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. മൃതസംസ്കാരചടങ്ങുകളിൽ വലിയ സ്പീക്കറുകൾ ഘടിപ്പിച്ച് ഘോഷയാത്രകളെ അനുസ്മരിക്കുന്ന പോലെ പാട്ടുകൾ വയ്ക്കുന്നത് കണ്ടിട്ടുണ്ട്. ഇതും ആശാസ്യമല്ല.

തിരുത്തപ്പെടേണ്ട അനേകം കാര്യങ്ങൾ അങ്ങ് സൂചിപ്പിച്ചു. എവിടെയാണ് തുടങ്ങേണ്ടത് ?

നമുക്ക് എല്ലാ സംവിധാനങ്ങളുമുണ്ട്. നിയമങ്ങളും നടപടി ക്രമങ്ങളുമുണ്ട്. എന്നാൽ ഇവയൊന്നും നടപ്പിലാക്കാനോ നടക്കുന്നു എന്നു ഉറപ്പുവരുത്താനോ ആർക്കും താൽപര്യമില്ല. ഈ അവസ്ഥ മാറണം. ദേവാലയസംഗീതം കൂടുതൽ പരിഗണനയും കരുതലും അർഹിക്കുന്നു എന്നു നാം മനസ്സിലാക്കണം. നമ്മൾക്ക് അനേകം കഴിവുള്ള പ്രതിഭകളുണ്ട്. അവരെ കണ്ടുപിടിക്കാനും പരിശീലിപ്പിക്കാനും നമുക്ക് കടമയുണ്ട്. നമ്മുടെ സഭയുടെ പൈതൃകവും പാരമ്പര്യവും കാത്തുസംരക്ഷിക്കാനും നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

ഏവർക്കും പിറവിത്തിരുനാളിന്റെയും പുതുവർഷത്തിന്റേയും ആശംസകൾ.